പിറവം മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം

596. [812] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ, തൃപ്പൂണിത്തുറ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിലുള്ള പിറവം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ മൊത്തം എത്ര പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയുടെ പഞ്ചായത്തു തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇനി എത്ര പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കാനുണ്ട് ;

(ഡി) അവ വൈദ്യുതീകരിക്കുന്നതിനു എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ കളക്ടർ അംഗീകരിച്ച ലിസ്റ്റിൽ പിറവം പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികൾ ഇല്ലായിരുന്നതുകൊണ്ട് ഒന്നു, വൈദ്യുതീകരിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പട്ടികവർഗ്ഗ കോളനികളാണ് വൈദ്യുതീകരിക്കുന്നത്. ഇപ്രകാരം അംഗീകാരം നൽകിയ കോളനികളൊന്നും വൈദ്യുതീകരിക്കാനായി പിറവം നിയോജകമണ്ഡലത്തിൽ ഇപ്പോൾ ഇല്ല. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി എടുക്കുന്നതാണ്.

(ഡി) ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി കണക്ഷനുകൾ

597. [815] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-1986 വരെ സംസ്ഥാനത്തെ ഇലക്ട്രിസിറ്റി കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ഉണ്ട് ;

(ബി) അതിൽ വ്യവസായങ്ങൾക്കു എത്ര ;

(സി) കൃഷിയാവശ്യത്തിന് എത്ര ;

(ഡി) വീട്ടാവശ്യത്തിനു എത്ര ?

ഉത്തരം

(എ) 1,52,431.

(ബി) 441.

(സി) 5237.

(ഡി) 1,46,753.

LIBRARY ARCHIVES Kerala Legislative Assembly